ഉത്തരം

(എ) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ പൂട്ടികിടക്കുന്ന വ്യവസായ യൂണിറ്റുകളിൽ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുന്നവർക്ക് പുനരുജ്ജീവനത്തിനുള്ള ആവശ്യകതയറിഞ്ഞ് സഹായങ്ങൾ ചെയ്യുന്നു. പൂട്ടിക്കിടക്കുന്ന മറ്റു ഷെഡ്ഡുകളും പ്രവർത്തിക്കാതെക്കിടക്കുന്ന വ്യവസായ യൂണിറ്റുകളും തിരികെ എടുത്ത് പ്രവർത്തിപ്പിക്കുവാൻ സന്നദ്ധരായ വ്യക്തികൾക്ക് അനുവദിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്.

(ബി) നിർജ്ജീവാവസ്ഥയിലുള്ള ഗ്രാമ വ്യവസായങ്ങളിൽ പുനരുദ്ധാരണ സാധ്യതയുള്ളവയെ പുനരുദ്ധീകരിക്കുന്നതിന് പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയനുസരിച്ചുള്ള സഹായങ്ങൾ ചെയ്യുന്നുണ്ട് പുനപ്രവർത്തനാരംഭ ചിലവുകൾക്കും മാർജിൻ മണിയിലേക്കും കുറഞ്ഞ നിരക്കിൽ (9 ശതമാനം) വായ്പ നൽകുന്നുണ്ട്. കൂടുതൽ സഹായധനവും പലിശരഹിതവായ്പയും നൽകുന്നതിനെക്കുറിച്ച് ധനലഭ്യത അനുസരിച്ച് പരിശോധിക്കുന്നതാണ്.

(സി) ഗ്രാമ വ്യവസായങ്ങൾ അടക്കമുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ വിപണി കണ്ടെത്താൻ ഉൽപ്പന്നവിപണനമേളകൾ ജില്ലകൾതോറും വ്യവസായ വകുപ്പ് നടത്തിവരുന്നുണ്ട്. ഇത്തരത്തിലുള്ള വിപണനമേളകളും മറ്റു പ്രോത്സാഹനങ്ങളും ഖാദിഗ്രാമ വ്യവസായ ബോർഡും നടത്തി വരുന്നുണ്ട്. ഇതിനുപുറമേ ചെറുകിട ഗ്രാമ വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുവേണ്ടി പുതിയ ഷോറൂമുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥിരം ആസ്തിയുടെ 15 ശതമാനം (പരമാവധി 10 ലക്ഷം രൂപ) നിക്ഷേപ സബ്സിഡി ആയും പ്രവർത്തന മൂലധനത്തിന്റെ 15 ശതമാനം തുക (പരമാവധി 5 ലക്ഷം രൂപ) മാർജിൻമണി ആയും നൽകുന്ന പദ്ധതി സർക്കാരിന്റെ 8-4-2003-ലെ ജി. ഒ. (ആർ. ടി.) നമ്പർ 395/03/ഐ.ഡി. പ്രകാരം നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം വ്യക്തികൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്കാണ് മേൽപ്പടി ഷോറൂമുകൾ തുടങ്ങുന്നതിന് സഹായധനവും വായ്പയും നൽകുന്നത്.

ജർമ്മൻകാരുടെ കാർ നിർമ്മാണ യൂണിറ്റ്

14 [468] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
" എം. പി. ഗംഗാധരൻ:
" ലൂഡി ലൂയിസ്:
" എം. മുരളി:
" ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജർമ്മൻകാരുടെ കാർ കമ്പനിയായ ബി.എം.ഡബ്ല്യൂ.-ന്റെ പ്രതിനിധികൾ ഗവൺമെന്റുമായി സംഭാഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കമ്പനിക്ക് കാർ നിർമ്മാണയൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താമെന്ന് ഗവൺമെന്റ് വാഗ്ദാനം നൽകിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഈ കാർ നിർമ്മാണ യൂണിറ്റ് എവിടെയാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കളമശ്ശേരിയിൽ H.M.T.-യിൽ നിന്ന് കിൻഫ്രയ്ക്ക് വിട്ടുകിട്ടിയിട്ടുള്ള സ്ഥലമാണ് പരിഗണിക്കുന്നത്. തീരുമാനം ആയിട്ടില്ല.

ബേപ്പൂർ തുറമുഖ വികസനം

15 [469] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ ഇൻവെസ്റ്റേർസ് മീറ്റിൽ വെച്ച ബേപ്പൂർ തുറമുഖവികസനവുമായി ബന്ധപ്പെട്ട പ്രോജക്ടിന്മേൽ സർക്കാർ എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എം.ഒ.യു.-വിലെ വ്യവസ്ഥകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഏത് ഏജൻസിയുമായാണ് കരാർ ഒപ്പുവച്ചത്;

(ഡി) എത്ര കോടി രൂപ ഈ പ്രോജക്ടിന് ചെലവു വരുമെന്നാണ് കണക്കാക്കുന്നത്;

(ഇ) പ്രോജക്ടിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തുറമുഖ വകുപ്പ് ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്.

(ബി) ജിമ്മിനുവേണ്ടി തയ്യാറാക്കിയിരുന്ന ഒരു പൊതു ധാരണാപത്ര മായിരുന്നതിനാൽ പ്രത്യേകിച്ച് വ്യവസ്ഥകളൊന്നുമില്ല.

(സി) പാരിസൺസ് ഗ്രൂപ്പ്, കോഴിക്കോട്.

(ഡി) ആകെ 2,07,43,84,601 രൂപ ചെലവു വരുമെന്നാണ് കണക്കാക്കി യിരിക്കുന്നത്.

(ഇ) പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ തുറമുഖ വകുപ്പ് പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly